പൊതുവിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം-1

**നം.ഫിൻ.ബി4/MIS/2021/ഡി.ജി.ഇ/എച്ച്.എസ്.ഇ** **തീയതി :27/04/2021**

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിഭാഗം ഇ-പെൻഷൻ പ്രൊപ്പോസലിനൊപ്പം ഫിസിക്കലായി സമർപ്പിക്കുന്ന ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് രേഖകൾ ട്രഷറിക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- ധനകാര്യ (പ്രിസം) വകുപ്പിൽ നിന്നുള്ള 03/02/2021 തീയതിയിലെ 10/2021/ധന. നമ്പർ പരിപത്രം.

സർവ്വീസിൽ നിന്നും വിരമിക്കുന്ന എല്ലാ ജീവനക്കാരുടെയും പെൻഷൻ പ്രൊപ്പോസൽ ഇ-പെൻഷൻ പ്രൊപ്പോസലായി (പ്രിസം മുഖേന) സമർപ്പിക്കുന്നതിനോടൊപ്പം ഫിസിക്കലായി പെൻഷണറുടെ 'ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് '- ന്റെ രണ്ട് പകർപ്പുകൾ പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി/വകുപ്പു തലവൻ/ ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തുകയും ആയത് അവസാന ശമ്പള സർട്ടിഫിക്കറ്റ് (LPC) - നോടൊപ്പം ബന്ധപ്പെട്ട ട്രഷറിക്ക് നൽകേണ്ടതാണെന്ന് 21/05/2020 - ലെ സ.ഉ(അ)നം.63/2020/ധന നമ്പർ സർക്കാർ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ മിക്കയാളുകളും പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരമല്ല അപേക്ഷ സമർപ്പിക്കുന്നതെന്ന കാര്യവും ആയതുമൂലം പല ട്രഷറി ഓഫീസർമാർക്കും പെൻഷണറെ തിരിച്ചറിയുന്നതിന് പ്രയാസം നേരിടുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 'ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് '- ന്റെ മാതൃക സൂചനാ പരിപത്രത്തോടൊപ്പം സർക്കാർ നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വിരമിക്കുന്നതും വിരമിച്ചതുമായ ജീവനക്കാർ ഇനിമുതൽ അവരവരുടെ പെൻഷൻ പ്രൊപ്പോസൽ ഇ-പെൻഷൻ പ്രൊപ്പോസലായി (പ്രിസം വഴി) സമർപ്പിക്കുന്നതോടൊപ്പം **'ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് '- ന്റെ ഇതോടൊപ്പം നൽകിയിട്ടുള്ള മാതൃകയിൽ മൂന്ന് പകർപ്പുകൾ കൂടി ഫിസിക്കലായി സമർപ്പിക്കേണ്ടതാണ്.** സൂചനാ പരിപത്രം എല്ലാ ബന്ധപ്പെട്ട ഓഫീസർമാരുടെയും ജീവനക്കാരുടെയും അറിവിലേക്കും തുടർ നടപടികൾ സ്വീകരിക്കുന്നതിനായും ഇതോടൊന്നിച്ച് സർക്കുലേറ്റ് ചെയ്യുന്നു.

ഒപ്പ്
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:-
എല്ലാ ആർ.ഡി.ഡി. മാർക്കും പ്രിൻസിപ്പൽമാർക്കും.

**കേരള സർക്കാർ**

**ധനകാര്യ (പ്രിസം) വകുപ്പ്**

**പരിപത്രം**

**നം.10/2021/ധന.** **തിരുവനന്തപുരം, തീയതി, 03.02.2021**

വിഷയം - ഇ-പെൻഷൻ പ്രൊപ്പോസലിനൊപ്പം ഫിസിക്കലായി നൽകിയിട്ടുളള പെൻഷണറുടെ ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് രേഖകളുടെ പകർപ്പ് ട്രഷറിയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന – 1. സ.ഉ.(അച്ചടി) നം.120/2019/ധന തീയതി 30.08.2019.
2. സ.ഉ(അ) നം.63/2020/ധന തീയതി 21.05.2020.

പെൻഷണറുടെ ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സിന്റെ രണ്ട് പകർപ്പ് ഫിസിക്കലായി പെൻഷൻ സാൻഷനിങ് അതോറിറ്റി / വകുപ്പ് തലവൻ / ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തി അവസാന ശമ്പള സർട്ടിഫിക്കറ്റിനോടൊപ്പം (LPC) ബന്ധപ്പെട്ട ട്രഷറിക്ക് നൽകേണ്ടതാണെന്ന് സൂചന (2) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ പ്രസ്തുത രേഖകളുടെ പകർപ്പ് നിശ്ചിത മാതൃകയിൽ ട്രഷറിയിൽ സമർപ്പിക്കാതെ ഇ-പെൻഷൻ ബുക്കിൽ നിന്ന് ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് ഉൾപ്പെടുന്ന പേജുകൾ പ്രിന്റ് എടുത്ത് ട്രഷറിയ്ക്ക് സമർപ്പിക്കുന്നതായും ടി രേഖകൾ പരിശോധിച്ച് പെൻഷനറെ തിരിച്ചറിയുന്നതിനു ബുദ്ധിമുട്ട് നേരിടുന്നതായും വിവിധ ട്രഷറി ഓഫീസർമാർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പെൻഷണറുടെ ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് രേഖകളുടെ രണ്ടു സെറ്റ് പകർപ്പ് അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന മാതൃകയിൽ ബന്ധപ്പെട്ട പെൻഷൻ സാൻഷനിങ് അതോറിറ്റി / വകുപ്പ് തലവൻ / ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തി അവസാന ശമ്പള സർട്ടിഫിക്കറ്റിനോടൊപ്പം ട്രഷറിയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് എല്ലാ പെൻഷൻ സാൻഷനിങ് അതോറിറ്റി / വകുപ്പ് തലവൻ / ഓഫീസ് മേലധികാരികൾക്കും നിർദ്ദേശം നൽകുന്നു.

**അനിൽകുമാർ. ആർ**
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പകർപ്പ് - (1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
(2) എല്ലാ പെൻഷൻ സാൻഷനിങ് അതോറിറ്റി/വകുപ്പ് തലവൻ/ ഓഫീസ് മേലധികാരികൾക്കും.
(3) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

**അനുബന്ധം**

## Descriptive Roll and Identification Particulars

1. Name of Employee / Pensioner :

    (a) Official Address of Employee / Pensioner :

    (b) Residential Address of Employee /Pensioner with Pincode :

2. PEN and PPO No. of Employee / Pensioner : (a) PEN :

    (b) PPO No. :

3. Joint Photograph of Employee / Pensioner & Spouse or Photograph of Employee / Pensioner :

4. Date of Birth of Employee / Pensioner :

5. Date of Retirement of Employee / Pensioner :

6. Height of Employee / Pensioner :

7. Identification marks of Employee / Pensioner :

    1.

    2.

8. Ration Card Number of Family :

9. AADHAAR of Employee / Pensioner :

10. PAN of Employee / Pensioner :

11. Mobile phone number of Employee / Pensioner:

12. (a) Name of Spouse of Employee / Pensioner :

    (b) Address of Spouse of Employee / Pensioner :

    (c) Relationship of Employee / Pensioner : Wife / Husband

13. Identification marks of Spouse of Employee / Pensioner :

1.

2.

14. Specimen signatures of Employee / Pensioner (three numbers)

1.

2.

3.

Place :

Date :

***Verified and found correct.***

Place :

Date :

Signature, Name, Designation &
PEN of Pension Sanctioning Authority/
Head of Department/Head of Office

**Office seal**